## 380

1 എൻ യേശു രക്ഷകൻ-എൻ നല്ല ഇടയൻ
തൻ ആടുകളിൽ ഒന്നിനും ഇല്ലൊരു കുറവും

നന്മ മാത്രമേ പൂർണ്ണകൃപയും
യേശുവേ! നിൻആടിനെ എപ്പോഴും പിൻചെല്ലും

2 ഞാൻ നാശവഴിയിൽ തെറ്റിടും നേരത്തിൽ
തൻ സ്വർഗ്ഗഭാഗ്യം വിട്ടു താൻ എന്നെ അന്വേഷിപ്പാൻ-

3 തൻ ശബ്ദം കേട്ടു ഞാൻ സന്തോഷത്തോടെ താൻ
തൻ മാർവ്വിൽ എന്നെ അണച്ചു എൻകണ്ണീർ തുടച്ചു-

4 എൻ പാപമുറിവു യേശു പൊറുപ്പിച്ചു
തൻ സ്വന്തം രക്തം തന്നവൻ ഹാ! നല്ല ഇടയൻ-

5 പിതാവിൻ ഭവനം ഇപ്പോൾ എൻ പാർപ്പിടം
സ്വർഗ്ഗീയ ഭക്ഷണംകൊ   ു ഞാൻ തൃപ്തിപ്പെടുന്നു-

6 ഞാൻ സിംഹഗർജ്ജനം കേട്ടാൽ ഇല്ലിളക്കം
തൻകൈയിൻ കോലും വടിയും സാത്താനെ ഓടിക്കും-

7 എന്നെ വിളിച്ചവൻ എന്നേക്കും വിശ്വസ്തൻ
താൻ അന്ത്യത്തോളം എന്നെയും വിടാതെ സൂക്ഷിക്കും-

8 തൻ സ്വർഗ്ഗഭാഗ്യവും മാറാത്ത തേജസ്സും
എൻയേശു തരും എനിക്കും ഇങ്ങില്ലോർ കുറവും-

**V.N.**